(സി) പല പമ്പുകളിലും അധികനാളും സൗജന്യ സൗകര്യങ്ങൾ പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നതിന് അറുതിവരുത്തി പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് സൗജന്യ സൗകര്യങ്ങൾക്ക് അവകാശം ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് വെള്ളം, വായു, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലഫോൺ, ടോയ്‌ലറ്റ്, ഫസ്റ്റ് എയ്ഡ്, വാഹന ടയർ എയർ ഫില്ലിംഗ് എന്നിവയാണ് പമ്പുകളിൽ ലഭ്യമാകുന്ന സൗജന്യ സേവനങ്ങൾ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എണ്ണക്കമ്പനി അധികൃതർ പരിശോധന നടത്താറുണ്ട്. സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാത്ത പമ്പുകളിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പുതിയ മാവേലി സ്റ്റോറുകൾ

220 (1264) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മൂന്നിടത്ത് മാവേലിസ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും 30-10-2014-ൽ നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ നാല് കേന്ദ്രങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷയിൻമേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാധ്യതാപഠന റിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് സാധ്യതയുള്ളതായി കാണുന്നതെന്നും അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് ആറ്റിങ്ങൽ ഡിപ്പോയിൽ നിന്ന് കത്തയച്ചിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുതല സിവിൽ സപ്ലൈസ് വിജിലൻസ് കമ്മിറ്റികൾ

221 (1265) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ സമിതിയോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.